**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3757** **27-10-2021 - ൽ മറുപടിയ്ക്ക്**

**തസ്തികകളുടെ പുനർവിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാരിൽ നിലവിലുള്ള ടൈപ്പിസ്റ്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, പ്യൂൺ, അറ്റൻഡർ തസ്തികകളുടെ എണ്ണം പുനർ വിന്യാസത്തിലൂടെയും തസ്തിക മാറ്റത്തിലൂടെയും ക്രമീകരിക്കാനും കുറയ്ക്കാനും ആലോചിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ; | (എ) | കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ധനദൃഢീകരണം സാദ്ധ്യമാകുന്നതിന് ഉതകുന്ന വ്യയനിയന്ത്രണ നിർദ്ദേശങ്ങൾ 05.11.2020-ലെ സ.ഉ(അ)നം. 152/2020/ധന നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം, കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ പ്രവർത്തനം അവസാനിപ്പിച്ച പദ്ധതികളിൽ നിയമിച്ച ജീവനക്കാരുടെ പുനർവിന്യാസവും, ഇ-ഓഫീസ്, കമ്പ്യൂട്ടർ സൗകര്യങ്ങൾ ഉപയോഗിക്കുന്ന ഓഫീസുകളിൽ അധികമായിട്ടുള്ള ടൈപ്പിസ്റ്റ് തസ്തികകളുടെ പുനർവിന്യാസവും, ഓഫീസ് അറ്റൻഡന്റ് തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുന്നതും, സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ചെയ്യാവുന്ന കാര്യങ്ങൾ തന്നെ ഇരട്ടിപ്പായി ചെയ്തു വരുന്ന ടൈപ്പിസ്റ്റ്, ക്ലറിക്കൽ തസ്തികകളുടെ എണ്ണം കണ്ടെത്തി പുനർവിന്യസിക്കുന്നതിനും, ക്ഷേമനിധികൾ, കമ്മീഷനുകൾ, അതോറിറ്റികൾ, സൊസൈറ്റികളായി രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങൾ തുടങ്ങി ഒരേ മേഖലയിൽ പൊതുവായി ഒരേ തരത്തിലുള്ള വികസന സേവന ഉദ്ദേശങ്ങൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സാങ്കേതികമായി പുനസംഘടിപ്പിച്ച് ഒറ്റ ഭരണ സംവിധാനമാക്കി മാറ്റുന്നതിനുമായി ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതു സംബന്ധിച്ച് ഏതെങ്കിലും സമിതികളുടെ റിപ്പോർട്ട് സർക്കാരിന്റെ മുമ്പിലുണ്ടോ; ഉണ്ടെങ്കിൽ | (ബി) | ജീവനക്കാരുടെ മേഖലയിൽ പൊതുവായി പുനർവിന്യാസം നടപ്പിലാക്കുന്നത് സംബന്ധിച്ച് നാലാം ഭരണപരിഷ്കാര കമ്മീഷന്റെ നാലാമത് |

| | | | |
|---|---|---|---|
| | ആയത് നടപ്പാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | റിപ്പോർട്ടായ ‘Personal Reforms’-ൽ ശിപാർശകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ